LITTLE KITES 2022-25

# വെള്ളത്തുള്ളികൾ

DIGITAL MAGAZINE



**St. Anne's HSS Kurianad**

# ഉള്ളടക്കം


1. ആമുഖം
2. AI യും പുതുതലമുറയും.........................................................................1
3. പ്രകൃതി.........................................................................................2
4. എന്റെ ലിറ്റിൽ കൈറ്റ്സ് യാത്ര..............................................................3
5. മിട്ടുക്കുരങ്ങനും കുട്ടന്റെ വികൃതിയും...................................................4
6. നിർമിത ബുദ്ധി...............................................................................6
7. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ ......................................................7
8. മലിനീകരണവും മനുഷ്യന്റെ അവസാനവും ...........................................8
9. രാവ്...........................................................................................9
10. ടെക്നോളജിയുടെ വളർച്ചയും ഒളിഞ്ഞിരിക്കുന്ന അപകടങ്ങളും..............10
11. പണത്തിന് പുറകെയുള്ള മരണപ്പാച്ചിൽ................................................11
12. യാത്രാക്കുറിപ്പ്.............................................................................12
13. എന്റെ കേരളം................................................................................13
14. 2018.........................................................................................15
15. എന്റെ വിദ്യാലയം...........................................................................16
16. മാപ്പില്ലാത്ത കുറ്റം..........................................................................17
17. സാങ്കേതികവിദ്യയുടെ പുതുഭാവം.....................................................18

# ആമുഖം

പ്രിയപ്പെട്ട അധ്യാപകരെ വിദ്യാർത്ഥികളെ ,

ഇന്നത്തെ കാലഘട്ടത്തിൽ സാങ്കേതിക വിദ്യകൾക്കു വളരെ വലിയ പ്രാധാന്യമുണ്ട്. അവ ഭാവി ജീവിതത്തിലേക്കും വളരെ അധികം ഫലപ്രദമാകുന്നു.കൂടുതൽ ടെക്നോളജികളെക്കുറിച്ചു പഠിക്കുവാനും അവയെക്കുറിച്ച് കൂടുതൽ മനസിലാക്കുവാനും അവ മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനും ഓരോ സ്കൂളിലെയും ലിറ്റിൽ കൈറ്റ്സ് സംഘടനകൾക്കു കഴിയുന്നു .

മലയാളം കമ്പ്യൂട്ടിങ് ,റോബോട്ടിക്സ് ,അനിമേഷൻ ,പ്രോഗ്രാമിങ് തുടങ്ങിയ ഒട്ടനവധി പഠനങ്ങളിലൂടെ സെന്റ് ആൻസ് എച്ച് .എസ് .എസ് കുര്യനാട്ടിലെ ലിറ്റൽ കൈറ്റ്സ് 2022-25 ബാച്ചിലെ കുട്ടികൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു . ഡിജിറ്റൽ ഉപകരണങ്ങൾ പ്രസക്തിയാർജിച്ച കാലം മുതൽ അവ സമൂഹത്തിൽ വളരെ വലിയ തൊഴിലവസരങ്ങൾക്കു സ്ഥാനം കുറിക്കുന്നു.അവയെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഓരോ കുട്ടിക്കും സാധിക്കട്ടെ.ഇന്നത്തെ വിദ്യാർത്ഥികളികളിലൂടെ നാളത്തെ തലമുറ വളർന്നുവരട്ടെ.

സാങ്കേതിക വിദ്യകൾ മറന്നൊരു കാലം ആർക്കും ചിന്തിക്കുവാൻ പോലും സാധിക്കാത്ത അവസ്ഥകളിലെത്തിച്ചേർന്നിരിക്കുന്നു .അതിനായി ഇന്നത്തെ ഓരോകുട്ടികളിലൂടെയും അത് വികസിപ്പിച്ചു എടുക്കണം.അതിനു വേണ്ടി ഓരോ സ്കൂളുകളും പരിശ്രമിക്കണം .
മാത്രമല്ല ,പത്താം ക്ലാസ്സിലെ എസ് .എസ് .എൽ .സി പരീക്ഷയിലും ഇന്നുവരെ ചെയ്ത പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഗ്രേയ്സ് മാർക്കും നൽകി വരുന്നു

പുതിയ പുതിയ ചിന്തകൾക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി ഓരോ കുട്ടികളെയും ആകർഷിക്കട്ടെ.ഇന്നത്തെ ടെക്നോളജിയുടെ അഭാവം നികത്തുവാനും പുതിയ സൃഷ്ടികൾ കെട്ടിപ്പെടുത്തുവാനും ഓരോ വിദ്യാർത്ഥികൾക്കും കഴിയട്ടെ.

സ്നേഹാശംസകളോടെ
ജോബിൻ ജിമ്മി

# AI യും പുതുതലമുറയും

ജെം ജോസഫ് അഗസ്റ്റിൻ



AI എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യന്റേതുപോലുള്ള യന്ത്രങ്ങളുടെ പ്രവർത്തനങ്ങളാണ്.ഈ യന്ത്രങ്ങൾക്ക് നമ്മെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയും. കണക്കിലെ പ്രശ്നങ്ങൾ ഉത്തരം കണ്ടെത്താനും ചെസ്സ് കളിക്കാനും ഒക്കെ ഇതുകൊണ്ടു സാധിക്കുന്നു.

ഇന്ന് നമ്മുടെ എ ഐ ഉപയോഗപെടുത്തുന്ന നിരവധി സന്ദർഭങ്ങൾ കാണാനും കേൾക്കാനും കഴിയും.ഓട്ടോമാറ്റിക് കാറുകളും നമ്മുടെ കൈയിൽ ഇരിക്കുന്ന മൊബൈൽ ഫോണുകളും ഇതിനുദാഹരണങ്ങളാണ്. മെഷിൻ ലേർണിംഗ് വഴി വസ്തുക്കളെ തിരിച്ചറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കാനുള്ള കോഡുകളാണ് ഇവയ്ക്കൊക്കെ നൽകുന്നത്. AI യ്ക്ക് പുതിയ പാറ്റേണുകളും പുതിയ സ്റ്റൈൽസും മറ്റും നിർമ്മിക്കാനും സാധിക്കും. കൂടാതെ കഥകൾ എഴുതാനും കവിതകൾ രചിക്കാനും വലിയ എസ്സേകളുടെ സംഗ്രഹം എഴുതാനും സാധിക്കുന്നു. ChatGPT പോലുള്ള നൂതന AI സാങ്കേതിക വിദ്യ ഉപയോഗിച്ചുണ്ടാക്കിയ പ്ലാറ്റ്ഫോമുകൾ ഇതിനുദാഹരണമാണ് .

പണ്ട് മനുഷ്യൻ കാളയെ ഉപയോഗിച്ചാണ് നിലം ഉഴുതതെങ്കിൽ ഇന്ന് അത് ട്രാക്ടറിലേക്ക മാറിയിരിക്കുന്നു.എന്നാൽ AI നമ്മുടെ രാജ്യത്തും നിലവിൽ വരുകയാണെങ്കിൽ ട്രാക്ടർ ഓടിക്കുന്ന മനുഷ്യൻ യന്ത്രങ്ങൾ ചെയ്യുന്ന ജോലി നോക്കിനിന്നാൽ മതിയാകും. ഇത് ജോലി കൂടുതൽ എളുപ്പമാക്കാനും ചെലവ് കുറക്കാനും സഹായിക്കുന്നു.

# പ്രകൃതി


ആന്റണി മിജോ



പ്രകൃതി തൻ ഒലി
എൻ നെഞ്ചിലെകവി-
സങ്കൽപം ഉണർത്തി,
ഇലകൾ ഇളകിയാടുന്ന
ശബ്ദം എൻ മനസ്സിനെ
ഹർഷപൂരിതമാക്കി,
പ്രഭാതത്തിൽ കണി-
കാണുന്ന മരത്തിൽ
കൂട് കൂട്ടിയിരിക്കുന്ന
കിളികൾ പ്രകൃതി
തൻ ശോഭ വർദ്ധിപ്പിച്ചു,
ഭൂമി തൻ ഭംഗി
പ്രകൃതി തന്നെ

# എന്റെ ലിറ്റിൽ കൈറ്റ്സ് യാത്ര

ഒരു ലിറ്റിൽ കൈറ്റ്സ് അംഗമായി ഞാനെന്റെ യാത്ര ആരംഭിക്കുന്നത് 2023 ലാണ് . തുടക്കത്തിൽ എനിക്ക് ഉത്കണ്ഠയും ആവേശവും ആയിരുന്നു. ക്ലാസുകൾ മനസ്സിലാക്കാതെ വരുമോ എന്നൊരു ഭയമെനിക്കുണ്ടായിരുന്നു. പക്ഷേ മറീന ടീച്ചറിന്റെയും എബിൻ സാറിന്റെയും പരിചരണം കൊണ്ട് ക്ലാസുകൾ മുന്നോട്ടു പോയപ്പോഴാണ് എന്റെ കഴിവുകൾ എനിക്ക് മനസ്സിലായത്. പിന്നെ പ്രോത്സാഹനത്തിന് എൻറെ സുഹൃത്തായ ഐറിൻ കൂടെയുണ്ടായിരുന്നു.




ഞങ്ങളുടെ ആദ്യത്തെ ക്ലാസ് ആനിമേഷനെ കുറിച്ചായിരുന്നു. ആദ്യം അൽപ്പം ബുദ്ധിമുട്ടായിരുന്നു അവസാനം പിന്നെ എനിക്ക് അത് വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. അങ്ങനെയെനിക്ക് ക്ലാസുകളിൽ കൂടുതൽ താല്പര്യം തോന്നിത്തുടങ്ങി. ഞാൻ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഭാവിയിൽ റഫറൻസിനായി എന്റെ ലിറ്റിൽ കുറിപ്പുകൾ എഴുതുകയും ചെയ്തു. തുടർന്ന് പ്രൊജക്റ്ററിനെക്കുറിച്ചും ഞങ്ങൾ മനസ്സിലാക്കി. മലയാളം കമ്പ്യൂട്ടിംഗ് വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. എനിക്ക് എനിക്ക് അതു കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നു.

പിന്നീട് ലിറ്റിൽ കൈറ്റ്സിന്റെ ക്യാമ്പ് വന്നു. നിധിൻ സാറിന്റെ സഹായത്തോടെ ഞങ്ങൾ ആനിമേഷൻ ,ഗെയിം, പ്രോഗ്രാമിംഗ് കൂടുതലാഴത്തിൽ പഠിച്ചു. ഓപ്പൺ ടൂൺസിൽ ഞങ്ങൾ ജിഫുകളും ആനിമേഷനുകളും ഉണ്ടാക്കി. ഓണാശംസകൾ എന്നായിരുന്നു തീം. പിന്നീട് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കുറിച്ച് പഠിക്കുകയും വിവിധ വെബ്സൈറ്റുകൾ വിശകലനം ചെയ്യുകയും ചെയ്തു. ഞങ്ങൾ ആപ്പ് നിർമ്മിക്കുകയും അർഡിനൊ,യൂനോ എന്നിവയുടെ വിവിധ ഭാഗങ്ങൾ പഠിക്കുകയും അത് ഉപയോഗിച്ച് ട്രാഫിക് ലൈറ്റ് സിഗ്നൽ എങ്ങനെ നിർമിക്കണം എന്നും പഠിക്കുകയും ചെയ്തു.

2023-24 ഉപകാരപ്രദവും രസകരവും ആയിരുന്നുവെങ്കിലും സബ് ജില്ലാ ക്യാമ്പിൽ പോകാൻ കഴിയാത്തതിൽ എനിക്ക് ദുഃഖം ഉണ്ടായിരുന്നു. പക്ഷേ സ്കൂളിൽ പതിവായി നടത്തുന്ന കമ്പ്യൂട്ടർ ക്ലാസുകൾക്ക് പുറത്ത് ഐടിയെ കുറിച്ചും കൂടി പഠിക്കാൻ അവസരം ലഭിച്ചതിൽ സന്തോഷം ഉണ്ട്. എന്റെ അറിവ് മറ്റ് വിദ്യാർത്ഥികളിലേക്ക് എത്തിക്കുവാനും അവർ എട്ടാം ക്ലാസിൽ എത്തിച്ചേരുമ്പോൾലിറ്റിൽകൈറ്റ്സിൽ ചേരാൻ അവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് ഉയർച്ചകളും താഴ്ചകളും ഉണ്ടായിരുന്നു. പക്ഷേ അവസാനം അതെല്ലാം കഠിനാധ്വാനത്തിന് അർഹമായിരുന്നു. ഒരു ലിറ്റിൽ കൈറ്റ്സ് അംഗമായതിനാൽ ഞാൻ അഭിമാനിക്കുന്നു.

ആൻഡ്രിയ മറിയം ഷെറി

# മിട്ടുക്കുരങ്ങനും കുട്ടന്റെ വികൃതിയും

അതുൽ കൃഷ്ണ എം. സ്



ഒരിക്കൽ നാലു പേരടങ്ങുന്ന കുട്ടന്റെ കുടുംബത്തിലേക്ക് അഞ്ചാമതായി ഒരാൾ വന്നു.കുട്ടന്റെ അച്ഛൻ അപ്പുക്കുട്ടന് കിട്ടിയ ഒരു കുട്ടിക്കുരങ്ങായിരുന്നു അത്. കുട്ടന്റെ കുടുംബത്തിൽ അച്ഛനും, അമ്മയും,ചേട്ടനും,കുട്ടനും ആണ് ഉണ്ടായിരുന്നത് .അവരെല്ലാം കുട്ടിക്കുരങ്ങനെ ലാളിച്ചു വളർത്തി. അവന് മിട്ടു എന്ന പേരും നൽകിയി. മിട്ടുവായിരുന്നു വീട്ടിലെ എല്ലാം.

കുട്ടന്റെ അച്ഛൻ വീട്ടിൽ ഏറ്റവും കൂടുതൽ ലാളിക്കുന്നത് മിട്ടുവിനെയായിരുന്നു.കുട്ടന്റെ ചേട്ടൻ വളരെ പാവമായിരുന്നു.പക്ഷേ കുട്ടൻ ഒരു മഹാ കുറുമ്പനും വികൃതിയും ആയിരുന്നു.കുട്ടന്റെ അച്ഛൻ പണിയും കഴിഞ്ഞ് എല്ലാ ദിവസവും മൂന്നുപേർക്കും ഉള്ള പലഹാരവും ആയിട്ടാണ് വരുന്നത്. ആ പൊതി ആദ്യം അച്ഛൻ ഇളയതെന്ന് നിലയ്ക്ക് കുട്ടന്റെ കയ്യിലാണ് കൊടുക്കാറ്. ചില ദിവസം കുട്ടൻ അച്ഛൻ വരുമ്പോൾ ഇറങ്ങിച്ചെല്ലാതിരിക്കുമ്പോൾ ആ പലഹാരപ്പൊതി അച്ഛൻ മിട്ടുവിന് കൊടുക്കും. കുട്ടി ആയതുകൊണ്ട് തന്നെ അതിന്റേതായ പ്രതിഷേധം കുട്ടൻ കാണിക്കാറുമുണ്ട്.

ആ ദിവസം മിട്ടുവിന് വളരെ സന്തോഷമാണ്. കുട്ടന് എന്തൊക്കെയാണേലും മിട്ടുവിന്റെ കൂടെ കളിക്കുന്നത് വളരെ ഇഷ്ടമുള്ള കാര്യമാണ്. കുട്ടനോട് അമ്മ എപ്പോഴും പറയാറുണ്ട് മിട്ടുവുമായി അധികം കളിക്കാൻ പോകരുത്. അവന്റെ സ്വഭാവം എപ്പോഴും ഒരുപോലെ ആയിരിക്കില്ല എന്ന്. പക്ഷേ കുട്ടൻ അതൊന്നും വകവയ്ക്കാറില്ല. കുട്ടൻ വികൃതിയായതുകൊണ്ടും രാമനെ മിക്കപ്പോഴും ശല്യപ്പെടുത്താറുള്ളതുകൊണ്ടും മിട്ടുവിന് കുട്ടനെ അധികം ഇഷ്ടമായിരുന്നില്ല.അതുമാത്രമല്ല കുട്ടൻ എന്തു പലഹാരം കിട്ടിയാലും മിട്ടുവിനെ കാണിച്ച് കൊതിപ്പിച്ചാണ് തിന്നാറ്.അതുപോലെ ഒരു ദിവസം കുട്ടന്റെ അമ്മ പ്ലാവിൽനിന്ന് ചക്കപ്പഴം എടുത്ത് വെട്ടിക്കൊണ്ടിരിക്കുമ്പോൾ കുട്ടൻ അതിൽ നിന്നും ചക്കപ്പഴം എടുത്ത് പതിവുപോലെ മിട്ടുവിന്റെ അരികിലേക്ക് കൊതിപ്പിക്കാനായി ചെന്നു. മിട്ടുവിന് ചക്കപ്പഴം കണ്ടപ്പോൾ തന്നെ നാവിൽ വെള്ളമൂറി.

പക്ഷെ കുട്ടൻ ചക്കപ്പഴം കൊടുക്കാൻ തയ്യാറാവാതെ വികൃതിമൂത്ത് മിട്ടുവിനെ ചക്കപ്പഴം കാണിച്ച് കൊതിപ്പിച്ചു. അതു കൂടാതെ കുട്ടൻ ആ ചക്കപ്പഴം മിട്ടുവിന് കൊടുക്കാതെ നിന്നുകയും ചെയ്തു. അതുപോലെതന്നെ വീണ്ടും ചെയ്തു കൊണ്ടിരുന്നപ്പോൾ മിട്ടുവിന് ദേഷ്യം വന്നു. പക്ഷെ കുറുമ്പനായ കുട്ടൻ അത് കളിയായിത്തന്നെ എടുത്തു. ആ സമയം മിട്ടു കുട്ടന്റെ തലയിലായി ആഞ്ഞു കടിച്ചു. അതോടെ മിട്ടുവുമായുള്ള കുട്ടന്റെ കളി അവസാനിച്ചു . കൂടാതെ കുട്ടന്റെ വികൃതിക്കും ഒരു ശമനം വന്നു.

# AI

## ARITIFICIAL INTELLIGENCE DAY

## JULY 16

# നിർമിത ബുദ്ധി

കെ ശിവപ്രസാദ്

ചിന്തിക്കാനും പഠിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനുമുള്ള കഴിവുകളാണ് മനുഷ്യനെ യന്ത്രങ്ങളിൽ നിന്ന് വിഭിന്നനാക്കുന്നത്.എന്നാൽ മനുഷ്യരുടെ അറിവുകളും വിദ്യയും വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് മനുഷ്യനിർമ്മിതമായ കുറെ കാര്യങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു.അതിൽ ഏറ്റവും മികച്ച കണ്ടുപിടിത്തമാണ് നിർമ്മിത ബുദ്ധി അഥവാ AI. ഈ കാലഘട്ടത്തിൽ കേൾക്കാത്തവർ ആയിട്ട് ആരും തന്നെ ഉണ്ടാവില്ലാത്ത ഒരു പദമാണ് AI അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.ഇനി അടുത്ത തലമുറയിൽ എഐ കൊണ്ടുള്ള കളികൾ ആയിരിക്കും.അപ്പോഴേക്കും AI സംവിധാനം ലോകത്തെമ്പാടും വികസിക്കുകയും ചെയ്യും . AI എന്നത് മനുഷ്യന്മാരുടെ ബുദ്ധിയിൽ നിന്ന് വ്യത്യസ്തമായി യന്ത്രങ്ങളുടെയോ സോഫ്റ്റ്‌വെയറിന്റെയോ ബുദ്ധിയാണ്.വ്യവസായം, സർക്കാർ,ശാസ്ത്രം,ഗതാഗതം തുടങ്ങിയ വകുപ്പുകളിൽ എല്ലാം ഇപ്പോൾ ഇത് സജീവമാണ്.

AI ലൂടെ മനുഷ്യൻറെ ജോലികൾ അനായാസമായി തകർക്കാൻ കഴിയും. ഇങ്ങനെ നമ്മുടെ സമയം ലാഭിക്കാനും കഴിയും നമ്മൾ പ്രോഗ്രാമിൽ ഉണ്ടാക്കുന്ന തെറ്റുകൾ ചെയ്തു ഡിറ്റക്ട് ചെയ്തു ശരിയായ വിവരണങ്ങൾ തരുന്നു. മുഴുവൻ സമയവും ഇത്തരം സാങ്കേതികവിദ്യകളിലൂടെ പ്രവർത്തനങ്ങളിൽ നിലക്കാതെ തന്നെ തുടരും.വിഷയങ്ങളെ അതിവേഗത്തിൽ മനസ്സിലാക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും കഴിയുന്നു. നിർമിത ബുദ്ധിയുടെ ഉപയോഗം കൂടുമ്പോൾ ഗുണങ്ങൾ മാത്രമല്ല ദോഷങ്ങളും ഉണ്ട്.എ ഐ പ്രവർത്തിക്കുന്ന സാങ്കേതികവിദ്യകൾ നിർമ്മിക്കുന്നതിന് വേറെ ചില കാര്യങ്ങൾ ഉണ്ട്. മനുഷ്യരിലൂടെ ചിന്താഗതികൾ അതേപടി പ്രവത്തിക്കുവാൻ ഇതിന് സാധിക്കുകയില്ല. AI യുടെ വരവോടെ എന്തായാലും ചില ജോലികൾ മാറ്റി സ്ഥാപിക്കപ്പെടും. ഇത് ചില മേഖലകളിൽ തൊഴിൽ സാധ്യതകൾക്ക് ഭീഷണി ആവുന്നതരത്തിൽ നിരവധി പ്രശ്നങ്ങളും ഉണ്ടാകുന്നു.മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിച്ച് ചുറ്റുപാടുകളെയും സമൂഹത്തെയും തനിക്കു വേണ്ടതുപോലെ നിർമ്മിത ബുദ്ധികൊണ്ട് മാറ്റിയെടുക്കുന്നു.അങ്ങനെ മനുഷ്യൻ ഈ ഭൂമിയെ സ്വർഗ്ഗതുല്യമാക്കുന്നു. AI യുടെ ഗുണങ്ങളും ദോഷങ്ങളും തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ നല്ലതിനും മറ്റു നല്ല പ്രവർത്തനങ്ങൾക്കും ഇത് ഉപയോഗിക്കാൻ നമുക്ക് സാധിക്കട്ടെ.

# തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

അനിറ്റ ജോർജ്



ആധുനിക മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്ന പ്രാചീന കവിത്രയത്തിലെ ഭക്തകവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ .കവി, ദാർശനികൻ സാമൂഹിക പരിഷ്കർത്താവ് ,ഗുരു എന്നി നിലകളിൽ ചരിത്രസ്മരണീയമായ സ്ഥാനമാണ് കേരളീയ ജീവിതത്തിലും മലയാള സാഹിത്യത്തിലും എഴുത്തച്ഛനുള്ളത് .അദ്ദേഹം 15 ആം നൂറ്റാണ്ടിനും 16 ആം നൂറ്റാണ്ടിനുമിടയിലായിരിക്കണം ജീവിച്ചിരുന്നത്. ഇന്നത്തെ മലപ്പുറം ജില്ലയിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തു തുഞ്ചൻ പറമ്പാണ് കവിയുടെ ജന്മസ്ഥലം .

അദ്ധ്യാത്മരാമായണം കിളിപ്പാട്ട് മഹാഭാരതം കിളിപ്പാട്ട് എന്നീ കീളിപ്പാട്ടു രചനകൾ എഴുത്തച്ഛന്റേതായിട്ടുണ്ട് . പ്രസ്തുത കൃതികളാകട്ടെ യഥാക്രമം ഭാരതത്തിലെ ഇതിഹാസകാവ്യങ്ങളായ വാല്മീകി രാമായണം, വ്യാസഭാരതം എന്നിവയുടെ സ്വതന്ത്രപരിഭാഷകളായിരുന്നു. ഈ രണ്ടു കൃതികൾക്ക് പുറമെ ഹരിനാമ കീർത്തനം ,ഭാഗവതം , കിളിപ്പാട്ട്,ചിന്താരത്നം ,ബ്രഹ്മാണ്ഡപുരാണം ,ശിവപുരാണം ,ദേവിമാഹാത്മ്യം,ഉത്തരരാമായണം ,ശതമുഖരാമായണം,കൈവലയനവനീതം എന്നീ കാവ്യങ്ങളും എഴുത്തച്ഛന്റേതാണ്.

# മലിനീകരണവും മനുഷ്യന്റെ അവസാനവും

നിമിൻ ഇമ്മാനുവൽ



അസഹ്യമായ ചൂട് കാരണം പുറത്തിറങ്ങാൻ പോലും പറ്റുന്നില്ല. കുറച്ചു കാലം മുമ്പ് സൂര്യാഘാതത്താൽ പുറത്തിറങ്ങാൻ പോലും കഴിയാതെ ഇരുന്നു .75 വർഷങ്ങൾക്ക് മുമ്പ് കാർബൺ ഡൈ ഓക്സൈഡിന്റെ ശതമാനം വെറും 0.73 ആയിരുന്നു.ഇപ്പോൾ അതു 2 % ഉയർന്നു.

പ്പോൾ ഈ ലോകത്തു എന്താണ് സംഭവിക്കുന്നത്?വർഷങ്ങൾക്ക് മുമ്പ് വിദേശികൾ കേരളത്തിലേക്ക് വന്നുകൊണ്ടിരുന്നത് കേരളത്തിന്റെ പച്ചപ്പ് കാണാനാണ്.എന്നാൽ ഇപ്പോൾ അവർ വരാതിരിക്കുന്നത് അത്രമാത്രം കേരളത്തിന്റെ പച്ചപ്പ് മാറിയിരിക്കുന്നത് കൊണ്ടാണ് .പണ്ടൊക്കെ എവിടെ നോക്കിയാലും മരങ്ങളും തണുപ്പും ആയിരുന്നു എന്നാൽ ഇപ്പോൾ തണുപ്പുകാലത്ത് പോലും ഫാൻ ഫുൾ സ്പീഡിൽ ഇട്ട് കിടന്നുറങ്ങാൻ പറ്റുകയൊള്ളു. ഇപ്പോൾ ഓടിട്ട വീടുകൾ കുറവാണ് എല്ലാം വാർക്കവീടുകൾ.

സൂര്യന്റെ അൾട്രാവയലെറ്റ് രശ്മികൾ ഭൂമിയിലേക്ക് വരാതെ സൂക്ഷിക്കുന്ന ഓസോൺ പാളികളിൽ വിള്ളലുകൾ ഉണ്ടാവുന്നു. ഫ്രിഡ്ജുകളിലും പെർഫ്യൂമുകളിലും നിന്നുണ്ടാകുന്ന CFC വാതകം ഇതിനെല്ലാം കാരണമാണ് . ഇതിനെ നമുക്ക് പതിരോധിക്കാം. എന്റെ വീട്ടിൽ പറ്റാവുന്ന തരത്തിൽ ഉള്ള ചെടികളും വൃക്ഷങ്ങളും നട്ടുവളർത്തുന്നുണ്ട്. ഇതുപോലെ നമ്മുടെ വീടുകളിൽ പറ്റാവുന്നതുപോലെ ചെടികളും വൃക്ഷങ്ങളും നട്ടുവളർത്തണം . സ്കൂളിലെ പ്രകൃതി സംരക്ഷണ സംഘടനകളിൽ പങ്കുചേരാം . അങ്ങനെ ഭൂമിയെ സംരക്ഷിക്കാം.

# രാവ്

വിനായക് എം



ഒരു മിഴിനീർകണം തേങ്ങിയോ
ദൂരെ ഒരു താരാപഥം വിടചൊല്ലിയോ
ഏകാന്തമാകുമൊരു രാവിൻ ചില്ലയിൽ
പാതിരാക്കിളി കൂടുകൂട്ടിയോ
നിലാവിൻ സാന്ത്വനം വിടചൊല്ലുന്നുവോ
ദൂരെ എതോ പകലിൻ നൊമ്പരം വിതുമ്പുന്നുവോ

അകലും മർമരം  മിഴിനീരായണയുന്നുവോ
വിടചൊല്ലും ഗദ്ഗദം കനലായി പെയ്യുന്നുവോ
വിടപറയുവാനായി തീരത്തു
അലയും തോണിയിൽ അമരും
ഏകാന്ത പഥികനായിമാറും
മിഴിനീർക്കണം

# ടെക്നോളജിയുടെ വളർച്ചയും ഒളിഞ്ഞിരിക്കുന്ന അപകടങ്ങളും

ജോ ജെ കുഴിവേലിൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

നാമിപ്പോൾ നിൽക്കുന്ന ഈ ലോകത്ത് ഒരു പത്ത് വർഷത്തിനിടെ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.ഒന്നാലോചിക്കുകയാണെങ്കിൽ ഓരോ നിമിഷവും നമ്മുടെ ഈ ഭൂമിപല രീതികളിലും മാറിക്കൊണ്ടിരിക്കുന്നു.

എന്താണ് ടെക്നോളജി കൊണ്ടുള്ള ഉപയോഗങ്ങൾ?ടെക്നോളജികൾ ഏറെ സ്ഥീനിക്കാൻ പോകുന്നത് മനുഷ്യന്റെ ദൈനംദിന ജോലികളെയാണ് . പൊതുവേ മടിയന്മാരായ മനുഷ്യരെയാണ് അത് കൂടുതൽ ആകർഷിക്കുന്നതും. ഒരു ചെറിയ കാര്യത്തിൽ വരെ ടെക്നോളജിയുടെ അംശം കാണാൻ കഴിയും. 2020 ഓടുകൂടി ലോകം നമുക്ക് ചിന്തിക്കാൻ പോലും ഉള്ള സമയം തരാതെ അത്രമാത്രം വേഗത്തിൽ മാറും എന്നാണ് വിദഗ്ധർ പറയുന്നത് '.കാരണം ഓരോ ഇടങ്ങളിലും സാവധാനം എല്ലാം സൗകര്യങ്ങളിലും എത്തി തുടങ്ങുന്നു.

നമ്മളെ ജോലികളിൽ സഹായിക്കാൻ ഇനി കൂലിക്ക് മറ്റുള്ളവരെ നിർത്തേണ്ടതില്ല. 2030 ഓടുകൂടി റോബോട്ടുകൾ എത്തിത്തുടങ്ങിക്കൊള്ളും .നാമെല്ലാവരും കണ്ട അതിശയിപ്പിക്കുന്ന ഒരു സിനിമയാണ് ആൻഡ്രോയിഡ് കുഞ്ഞപ്പൻ. അതിൽ എങ്ങനെയാണോ കാണിച്ചിരിക്കുന്നത് ഏകദേശം അതുപോലെയാണ് ഇനി അങ്ങോട്ട് കാണാൻ പോകുന്നത് '.വെറും വൈദ്യുതി മാത്രം ഉപയോഗിച്ച് വീട്ടിലെ എല്ലാം ജോലികളും പൂർത്തിയാക്കുന്ന മിന്നൽ വേഗത്തിൽ എല്ലാവരും സന്തോഷിപ്പിക്കുക എന്നതൊക്കെ ഇനി വെറും പരിചിതമായ കാഴ്ചകളാണ്.

ടെക്നോളജിയുടെ ഉപയോഗത്തെക്കുറിച്ച് ആണല്ലോ നാം ഇത്രയും നേരം സംസാരിച്ചത് ഇനി ഇവ നമുക്ക് എങ്ങനെ ദോഷം ചെയ്യും എന്ന് നോക്കാം.

പലതരം കണ്ടുപിടിത്തങ്ങൾ സമൂഹത്തിന് നല്ലതാണ് . എന്നാൽ നിയമവിരുദ്ധമായി ഉപയോഗിക്കുന്ന കറുത്ത കരങ്ങളിലേക്ക് ഇവ എത്തിയാൽ എന്ത് സംഭവിക്കും എന്ന് പറയാൻ കഴിയില്ല. ലോകപ്രശസ്ത കോടീശ്വരനായ എലോൺ മസ്ക് AI (Artificial Intelligence) ന്റെഅപകടം മനസ്സിലാക്കിപ്പിക്കാൻ ഒരു അമ്മയ്ക്ക് ജനിച്ച കുറച്ചുദിവസം മാത്രമായ കുഞ്ഞിന്റെ ഒരൊറ്റ ഫോട്ടോ എടുത്ത ശേഷം അത് എ ഐ വഴി 14 വയസ്സ് കുട്ടിയുടെ ഫോട്ടോ സഹിതം ഉണ്ടാക്കി ശബ്ദരേഖ വഴി താൻ അപകടത്തിൽ ആണെന്നും തന്നെ രക്ഷിക്കണമെന്നും പറയുന്ന കുട്ടിയായി ജനങ്ങളുടെ മുൻപിൽ എത്തിച്ചു. ഇതുപോലെ ഇത് തെറ്റായ കാര്യങ്ങളിൽ എത്തിയാൽ ചിലപ്പോൾ അതിൽ ലോകാവസാനത്തിനു കാരണമായിത്തീരും .വീട്ടുജോലിക്ക് നിൽക്കുന്ന റോബോട്ടുകൾ വളരെ നല്ലതാണെങ്കിലും മനുഷ്യരായി കാണാൻ നമ്മളെക്കൊണ്ട് കാണാൻ കഴിയില്ല .ആനയ്ക്ക് പാപ്പാന്മാരോട് എന്തെങ്കിലും വിരോധം തോന്നിയാൽ ആ നിമിഷം അയാളുടെ ജീവൻ പോകുമെന്ന് പറയുന്നതുപോലെ തന്നെയാണ് റോബോട്ടിന്റെ കാര്യം '.അത് നമ്മളോട് എങ്ങനെ പ്രതികരിക്കും എന്ന് നമുക്ക് പറയാൻകഴിയില്ല.

അതുകൊണ്ട് ഒരുതരത്തിൽ ഉപകാരവും എന്നാൽ മറ്റൊരു ഭാഗത്ത് അപകടവും ഉള്ള ടെക്നോളജിയുടെ വളർച്ചയെപ്പറ്റി എനിക്ക് നിങ്ങളെ ബോധിപ്പിക്കാൻ കഴിഞ്ഞു എന്ന് വിചാരിക്കുന്നു. ഇവയെല്ലാം ഗൗരവമായി നിരീക്ഷിച്ച് മുന്നോട്ടുപോയാൽ അപകടം ഇല്ലാതെ പോകാം.

# പണത്തിന് പുറകെയുള്ള മരണപ്പാച്ചിൽ

റിക്കി സോജൻ



2024 കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് ലാളിത്യത്തെ കുറിച്ച് എന്താണ് അറിയാവുന്നത്. ലാളിത്യമാകുന്ന ജീവിതത്തെക്കുറിച്ച് പഠിക്കണമെങ്കിൽ സന്യാസികളുടെ അടുത്തേക്ക് പോകുന്നതാണ് നല്ലത്.

പണത്തിന് പുറകെയുള്ള നെട്ടോട്ടത്തിൽ കുടുംബത്തെയും നോക്കാൻ സാധിക്കുന്നില്ല.ഇക്കാരണത്താൽ കുട്ടികൾ തെറ്റായ മാർഗത്തിലൂടെ നടക്കുന്നു.ലഹരിയെ അവർ മാതാപിതാക്കളായി കാണുന്നു. അത് അവരെ നശിപ്പിക്കുകയും ചെയ്യുന്നു. സമ്പാദിക്കണം. പക്ഷേ, ജീവിതത്തിലെ നൻമകൾ നഷ്ടപ്പെടുത്തിയിട്ടാകരുത്.

# യാത്രക്കുറിപ്പ്

റോബിൻ ഷാജി



ഞാൻ ഇന്ന് ഇവിടെ നിങ്ങളുമായി പങ്കുവയ്ക്കാൻ പോകുന്നത് ആദ്യമായി ടൂർ പോയ കഥയാണ്‘. ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. ഈ വർഷത്തെ ഞങ്ങളുടെ ടൂർ തീരുമാനിച്ചത് മൈസൂർ ആയിരുന്നു. ഞാൻ ഇതുവരെ മൈസൂർ പോയിട്ടില്ലാത്തതുകൊണ്ട്  ഞാൻ ആകാംക്ഷാഭരിതനായിരുന്നു. ജനുവരി മാസം *11, 12, 13* തീയതികളിൽ ആയിരുന്നു ടൂർ പോയിരുന്നത്. പതിനൊന്നാം തീയതി വൈകുന്നേരം ഏഴരയോടെ ഞങ്ങൾ സ്കൂളിൽ നിന്നും പുറപ്പെട്ടു. ഞങ്ങൾ Greenland എന്ന ടൂറിസ്റ്റ് ബസ്സിലാണ് പോയത്. പന്ത്രണ്ടാം തീയതി രാവിലെ *9* മണിയോടുകൂടി ഞങ്ങൾ മൈസൂരിൽ എത്തി. ഞങ്ങൾ The Lotus എന്ന റസിഡൻസിലാണ് സ്റ്റേ ചെയ്തത്.  മൈസൂർ പാലസ്, ബന്ദാർവൻ ഗാർഡൻ, വാട്ടർ ജയിൽ , ടിപ്പുസുൽത്താനെ അടക്കിയ സ്ഥലം, ടിപ്പുസുൽത്താൻ മരിച്ച സ്ഥലം, മൈസൂർ എന്നീ സ്ഥലങ്ങൾ ഞങ്ങൾ *12 ,13* തീയതികളിൽ കണ്ടു. പതിമൂന്നാം തീയതി വൈകുന്നേരം *6* മണിയോടുകൂടി ഞങ്ങൾ കേരളത്തിലേക്ക് തിരിച്ചു. യാത്രക്കിടയിൽ ഞങ്ങൾ പുതിയതായി ഇറങ്ങിയ നാല് ,അഞ്ച് സിനിമകൾ രാത്രിയിലെ യാത്രയിൽ കണ്ടു. ഈ യാത്ര എനിക്ക് മറക്കാനാവാത്ത നല്ല ഒരു യാത്രയായിരുന്നു.

# എന്റെ കേരളം

**നോബിൾ ബിജു**







1956 നവംബർ ഒന്നിനാണ് കേരള സംസ്ഥാനം രൂപം കൊണ്ടത് പശ്ചിമഘട്ട മലനിരകൾ പടിഞ്ഞാറ് അറബി കടൽ ശക്തമായ കാലാവസ്ഥ കൃഷിക്ക് വിനോദസഞ്ചാരത്തിനും ഉതകുന്ന പ്രകൃതിയും കായലുകളും പുഴകളും തടാകങ്ങളും തോടുകളും തടവുമൊക്കെയായി ആരെയും അംഗീകരിക്കുന്ന പ്രകൃതി രമണീയമായ നാട്. ഈ പ്രകൃതി നൽകിയ മൂലധനമാണ് കേരളത്തിന്റെ സമ്പത്ത്. കൂടാതെ നിരവധി ധാതുക്കളുടെ സാന്നിധ്യം കൊണ്ട് കേരളത്തിന്റെ മണ്ണും സമ്പന്നമാണ്. കാർഷിക സംസ്കാരം ശക്തമായിരുന്ന ഒരു നാടാണ് കേരളം.

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മൂന്നായി തിരിക്കാം.മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ. പരന്നതും മൺപ്രദേശങ്ങളും തടാകങ്ങളും ചേർന്നതാണ് തീരപ്രദേശം. ഇവിടെ നെൽ കൃഷിയ്ക്കും തെങ്ങ് കൃഷിക്കും യോജിച്ച പ്രദേശമാണ് കായംകുളം കായൽ വേമ്പനാട്ടുകായൽ എന്നിവ ഇവിടെയാണ്. കൂടാതെ ശാസ്താംകോട്ടയിലെ ശുദ്ധജല തടാകവും ഈ പ്രദേശത്ത് നിലകൊള്ളുന്നു. മലഞ്ചെരുവകൾ അടങ്ങിയ താഴ്‌വാരങ്ങളെയാണ് സമതലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃഷിക്ക് അനുയോജ്യമായ ഇവിടെ മരച്ചീനി കശുവണ്ടി നാളികേരം ഇഞ്ചി കുരുമുളക് തുടങ്ങിയ കൃഷിക്ക് യോജിക്കുന്നതാണ്. കുന്നിൻ പ്രദേശങ്ങൾ അടങ്ങിയതും ഗിരിശൃംഗങ്ങൾ ഉൾപ്പെടുന്നതുമായ പ്രദേശത്തെയാണ് മലനാട് എന്ന് വിളിക്കുന്നത്. ഇവിടെ നിന്നാണ് കേരളത്തെ സസ്യ ശ്യാമളമാക്കുന്ന നദികളുടെ ഉത്ഭവം.44 നദികൾ ഉണ്ട് നമ്മുടെ കേരളത്തിൽ .കേരളത്തിന്റെ ഹൃദയഭാഗത്ത് കൂടി ഒഴുകുന്ന ഏറ്റവും നീളമുള്ള നദിയാണ് ഭാരതപ്പുഴ. 'ഇതിന്റെ തീരം കലകളുടെ കളിത്തൊട്ടിലാണ്.മാമാങ്കവും കലാമണ്ഡലവും ഒക്കെ ഈ പ്രദേശത്താണ്.വിശുദ്ധ നദിയായി കേരളീയർ ഈ നദിയെ കാണുന്നു.മലമ്പ്രദേശത്തുള്ള വനങ്ങളിൽ തേക്ക്, ഈട്ടി, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ നിറയെ ഉണ്ട്.സമതുലിതമായ ഒരു കാലാവസ്ഥയാണ് കേരളത്തിന്റെ .സുഖകരമായ ഒരു കാലാവസ്ഥയാണ് ഇത്. മഴയും വേനലും തണുപ്പും ചൂടും ഒക്കെ കലർന്ന മിതവും സ്വച്ഛവുമായ കാലാവസ്ഥ കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. കേരളത്തിലെ മണ്ണിന്റെ ഘടന അടിസ്ഥാനമാക്കി 7 ആയി തരംതിരിച്ചിരിക്കുന്നു.സംസ്ഥാനത്തിന്റെ പൂർവഭാഗത്തുള്ള കുന്നിൻ പ്രദേ

ഉൾക്കൊള്ളുന്ന മണ്ണിൻ പ്രദേശം.കോഴി മണ്ണ് നിറഞ്ഞാൽ സമുദ്രതീരംസമതല പ്രദേശത്തിലെ മണ്ണ് പാലക്കാടനെക്കൽ മണ്ണ് ആലപ്പുഴയിലെ കരിമണ്ണ് പ്രദേശം.വേമ്പനാട്ട് കായലിന്റെ കിഴക്കുള്ള വണ്ടൽമണ്ണ പ്രദേശം ചെമ്മണ്ണ് നിറഞ്ഞ തിരുവനന്തപുരത്തെ ഉന്നത പ്രദേശങ്ങൾ എന്നിവയാണവ.കേരളത്തിൽ പുതിയതായി വളർന്നുവരുന്ന ഒരു വ്യവസായമാണ് ടൂറിസം.വിദേശികളും ,സ്വദേശികളുമായ ടൂറിസ്റ്റുകളുടെ താവളം ആയി കേരളം മാറുകയാണ്.നമ്മുടെ സ്വച്ഛമായ കാലാവസ്ഥയും സമാധാനം നിറഞ്ഞ സാമൂഹിക അന്തരീക്ഷവും ഇതിന് ആക്കം നൽകുന്നു .യാത്രയ്ക്കും ഉല്ലാസ യാത്രക്കും യോജിക്കുന്ന സ്വാഭാവിക ജലാശയങ്ങൾ നമുക്കുണ്ട് നമ്മുടെ സമ്പന്നമായ കലകളിൽ സാംസ്കാരിക വൈപത്യകവും മറ്റൊരാകർഷണം ആണ്.ടൂറിസം ആധാരമായ ഒരു വ്യവസായമായി മാറുമ്പോൾ പരിസരം മലിനീകരണം എന്ന ദുർഭൂതവുംകേരളത്തെ



ഗ്രസിച്ചിട്ടുണ്ട്.അതിനൊരു പരിഹാരമാണ്. കേരളത്തിലെ നദികൾ നല്ല ഗതാഗത മാർഗ്ഗങ്ങൾ കൂടിയാണ് . കോട്ടകളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും ശ്ലിപങ്ങളും ചിത്രങ്ങളും ചുവർ ചിത്രങ്ങളും ഒക്കെ കൊണ്ട് സമ്പന്നമാണ് നമ്മുടെ കലാസാംസ്കാരിക രംഗം.ടൂറിസ്റ്റുകൾക്ക് പ്രിയങ്കരമായ് കേരളത്തിന് സമ്പന്നമായ ഒരു ഭൂപ്രകൃതിയുണ്ട്.ഭൂവിഭവശേഷികൊണ്ട് ജനസംഖ്യ കൊണ്ടും പ്രകൃതി സമ്പത്തുകൊണ്ടും അനുഗ്രഹീതമാണിത്. എന്നാൽ ഈ സാധ്യതകളെ ഉപയോഗിക്കുവാൻ നമുക്കാവുന്നില്ല .വ്യവസായങ്ങളുടെ കാര്യത്തിൽ നാം പരാജയമാണ്. സംഘടിത തൊഴിലാളി ശേഷി അധ്വാനത്തെ മറന്ന് കൂലിയിൽ മാത്രം ശ്രദ്ധ വച്ച് നിലകൊള്ളുന്നതാണ് ഒരു കാരണം.

# 2018

സാവിയോ സെബാസ്റ്റ്യൻ

2018 -ൽ ഉണ്ടായ വെള്ളപ്പൊക്കം നമ്മുക്ക് ആർക്കും മറക്കാൻ കഴിയുന്നതല്ല.കാരണം ആ വെള്ളപ്പൊക്കം നമ്മുടെ മനസ്സിൽ ഒരു നടുങ്ങലോടെ നിലനിൽക്കുന്നതാണ്.നമ്മുടെ വീടുകളെ മുഴുവനോടെ മുക്കി കളഞ്ഞ ഒരു വൻ വെള്ളപ്പൊക്കം ആയിരുന്നു 2018 ൽ ഉണ്ടായത്.

ഇതിനുമാത്രം എന്താണ് കേരളത്തിന് സംഭവിച്ചത്. എന്തുകൊണ്ടാണ് 15 വർഷമായിതുറക്കാതെ വെച്ചിരുന്ന ഇടുക്കി ഡാം തുറക്കേണ്ടി വന്നത്?

സാധാരണ മെയ് ജൂൺ, ജൂലൈ എന്ന മാസങ്ങളിൽ ഉണ്ടാകേണ്ട മഴ ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ വീണ്ടും പെയ്തു..കടലിൽ ഉണ്ടായ ഒരു ന്യൂനവർദ്ധമാണ് ഇതിനെ നയിച്ചത്.മറ്റൊരു കാരണമെന്തെന്നാൽ പുഴകളിൽ നിന്നും നദികളിൽ നിന്നും എടുത്തിരുന്ന മണൽ ഇനിമുതൽഎടുക്കരുത് എന്ന് സർക്കാരിൽനിന്ന് ഓർഡർ വന്നു. അതുകൊണ്ട് പുഴയിലുള്ള മണലിന്റെ അളവ് കൂടി. ഇത് പെട്ടെന്ന് വെള്ളം കരയിലേക്ക് കയറാനുള്ള തോതുകൾ കൂട്ടി. അതുകൊണ്ട് പെട്ടെന്ന് വെള്ളം വീടുകളിലേക്ക് കയറാൻ തുടങ്ങി .ഇത് ആളുകളിൽ ആശങ്ക ഉണ്ടാക്കി. എല്ലാവരും വീടുകളിൽ നിന്ന് മാറി.



എന്നാൽ ആർക്കും വിശ്വസിക്കാനാവാത്ത ഒരു സംഭവം ഉണ്ടായി. അതാണ് മലയാളികൾ എല്ലാവരും ഒരൊറ്റ രീതിയിൽ സഹകരിച്ച് മുന്നോട്ടുപോയി.മറ്റുള്ളവർ സഹായിച്ച് തുടങ്ങി. അവസാനം എല്ലാവരും സഹകരിച്ച് ഇതിന് ഒരു അന്ത്യം കുറി'സഹകരിച്ച് ഇതിന് ഒരു അന്ത്യം കുറിച്ചു.പക്ഷേ ലക്ഷങ്ങളുടെ വീടുകളാണ് ആ ഒരൊറ്റ പ്രകൃതിക്ഷോഭത്തിൽ നശിച്ചു പോകാൻ കാരണമായത്

# എന്റെ വിദ്യാലയം

നന്ദകിഷോർ




കോട്ടയം ജില്ലയിലെ പ്രശസ്തമായ സ്കൂളുകളിൽ ഒന്നായ കുര്യനാട് സെന്റ് ആൻസ് ഹയർസെക്കന്ററി സ്കൂളിലാണ് ഞാൻ പഠിക്കുന്നത്. എന്റെ സ്കൂൾ കെട്ടിടം വളരെ മനോഹരവും വിശാലവും ആണ് എന്റെ സ്കൂളിലെ അധ്യാപകർ എല്ലാവരും വളരെയധികം കരുതലും സ്നേഹവും ഉള്ളവരാണ്. എന്റെ സ്കൂളിൽ ഒരു വലിയ കളി സ്ഥലമുണ്ട്. അവിടെ ഞാൻ വിവിധതരം കായിക വിനോദങ്ങളിൽ ഏർപ്പെടുന്നു. എന്റെ സ്കൂളിൽ വിശേഷപ്പെട്ട ദിനങ്ങൾ വരുമ്പോൾ ഞങ്ങൾ വിദ്യാർത്ഥികളും അധ്യാപകരും ഗംഭീരമായി ആഘോഷിക്കുന്നു സ്കൂളിലെ ലൈബ്രറിയാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അവിടെ ധാരാളം സാഹിത്യകാരന്മാരുടെ കഥകളും വിജ്ഞാനപ്രദമായ പുസ്തകങ്ങളുമുണ്ട് .കൂടാതെ എന്റെ സ്കൂൾ മുറ്റത്തും ഗ്രൗണ്ടിലുമായി ഞങ്ങൾക്ക് തണൽ നൽകുന്നതിനായി ഒത്തിരി മരങ്ങളുണ്ട്. എന്റെ സ്കൂളിൽ കമ്പ്യൂട്ടർ പഠിക്കാനായി ഒരു കമ്പ്യൂട്ടർ ലാബും അവിടെ ഞങ്ങൾ കുറച്ചു പേർക്ക് എല്ലാ ആഴ്ചകളിലും വ്യാഴാഴ്ചകളിൽ ലിറ്റിൽ കൈറ്റ്സ് ക്ലാസുകളും ഉണ്ട്. ശാസ്ത്രജ്ഞാനം നൽകാനായി ഒരു സയൻസ് ലാബും ഉണ്ട്. എന്റെ വിദ്യാലയത്തിൽ എട്ടാം ക്ലാസു വരെയും വളരെ പോഷകപ്രദമായ ഉച്ചഭക്ഷണം ലഭിക്കുന്നു. സ്കൂളിൽ നിന്നും ഞാൻ ദിവസവും പുതിയ പാഠങ്ങൾ പഠിക്കുന്നു. എന്റെ സ്കൂളിനെ ഞാൻ വളരെയധികം സ്നേഹിക്കുന്നു.

# മാപ്പില്ലാത്ത കുറ്റം

അലക്സ് ജിജി



കേരളത്തിൽ ഒരുപാട് വില്ലേജ് ഓഫീസുകൾ ഉണ്ട്. അതിൽ ഒരു ഓഫീസ് മാത്രമാണ് ചാണ്ടാർകാട്ട് വില്ലേജ് ഓഫീസ്. കുറ്റകൃത്യങ്ങൾക്ക് പേരുകേട്ട സ്ഥലമാണ് ചാണ്ടാർകാട്ട്. പലതരം കുറ്റകൃത്യങ്ങൾ - മോഷണം, പിടിച്ചുപറിക്കൽ, കൊലപാതകം, കൊട്ടേഷൻ... പക്ഷേ ഇടയ്ക്ക് ഒരു പുതിയ കുറ്റകൃത്യം രൂപം കൊണ്ടിരിക്കുന്നു. അതിന് അവർ പേരും കൊടുത്തു. "കൈക്കൂലി" പേരിന്റെ പിന്നിലെ രഹസ്യം ഇതാണ്. മനുഷ്യ ശരീരത്തിലെ പ്രധാന അവയവമാണ് കൈകൾ. ആ കൈകൊണ്ട് നിയമവിരുദ്ധമായ കൂലി കൊടുക്കുന്നതുകൊണ്ടാണ് ഈ പേര്. ഇത് ആ നാട്ടിൽ പ്രധാനമായും നടക്കുന്നത് വില്ലേജ് ഓഫീസുകളിലാണ്. മാലാഖമാരുടെ തോല് ധരിച്ച ചെന്നായ്ക്കളായ ആഫീസർമാർ പാവങ്ങളുടെ കൈയിലെ നിലവിളിക്കുന്ന പണം പിടിച്ചുപറിക്കുന്നു. അത് അവരുടെ കൈകളിൽ കിടന്ന് പിടഞ്ഞു പിടഞ്ഞ് മരിക്കുന്നു. വളരെ നീചമായ ഒരു കുറ്റകൃത്യം തന്നെയാണ് കൈക്കൂലി. അങ്ങനെയുള്ള ചാണ്ടാർകാട്ടിലെ ഒരു വില്ലേജ് ഓഫീസറാണ് കഥയിലെ വില്ലൻ. പേര് മഗധേശ്വരൻ. അയാൾ സ്ഥിരം കൈക്കൂലി വാങ്ങുന്നവനാണ്. ശരിക്കും ആട്ടിൻ തോലണിഞ്ഞ ചെന്നായ. പക്ഷേ ഇതുവരെ പിടിക്കപ്പെട്ടിട്ടില്ല കാരണം അഴിമതി. അങ്ങനെ ഒരുനാൾ സാഗരേശ്വരൻ അവിടെ ഒരു ആവശ്യത്തിനായി വന്നു. അയാളോട് മഗധേശ്വരൻ കൈക്കൂലി ചോദിച്ചു. എന്നാൽ അയാൾ വിസമ്മതിച്ചു.അയാൾ നിയമത്തിന്റെ വഴിയെ പോകുമെന്ന് പറഞ്ഞു. അത് കേട്ട മഗധേശ്വരൻ സാഗരേശ്വരനെ കൊല്ലാനായി ആളുകളെ വിട്ടു അവനെ കൊന്നു. പിന്നെ ഒരു പോലീസ് ഓഫീസർ വന്ന് മഗേശ്വരനെ പിടികൂടി. ഗുണപാഠം:- കൈക്കൂലിയും അഴിമതിയും തെറ്റാണ്.

# സാങ്കേതികവിദ്യയുടെ പുതുഭാവം

ആൻമരിയ സജി



കേരള സർക്കാരിന്റെ കീഴിൽ എല്ലാ വിദ്യാർത്ഥികൾക്കും സാങ്കേതികവിദ്യയുടെ പുതുനാളം നൽകാനായി ഒരു കുടക്കീഴിൽ അണിയിച്ചൊരുക്കിയതാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്. ഒരു ലക്ഷത്തിലധികം വിദ്യാർഥികളെ ഉൾക്കൊള്ളുന്ന, കൈറ്റിന്റെ ഒരു സംരംഭമാണിത്. ആനിമേഷൻ, സൈബർ സേഫ്റ്റി, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ , ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് തീവ്ര പരിശീലനം നൽകിവരുന്നു.

വിവര വിനിമയ സങ്കേതങ്ങളെ സമൃദ്ധമായും ഫലപ്രദമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു പുതുതലമുറയെ രൂപപ്പെടുത്തി എടുക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഐടി മേഖലകളെ കൂടുതൽ ശക്തമാക്കാൻ ഈ സംഘടന കൊണ്ട് സാധിക്കും. കമ്പ്യൂട്ടർ ലോകത്ത് കുട്ടികൾ കൂടുതൽ പ്രാവീണ്യമുള്ളവരാകും. സൈബർ ആക്രമണങ്ങൾ നടക്കുന്ന ഈ കാലത്ത് ഈ ക്ലബ് കൊണ്ടുള്ള ഗുണങ്ങൾ പലതാണ്.

ഒരു ലിറ്റിൽ കൈറ്റ്സ് അംഗം എന്നുള്ള നിലയിൽ ഐടി ലോകത്തിലെ സവിശേഷതകൾ മറ്റുള്ളവർക്കായി പറഞ്ഞു കൊടുത്തുകൊണ്ട് ഒരു നവയുഗ സൃഷ്ടിക്കായി അണിചേരാം.


രുദ്രഗംഗാധരൻ എം എ